മുരിങ്ങൂർ ഡിവൈൻ നഗർ റെയിൽവേ ഓവർബ്രിഡ്ജ്

273 (2001) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുരിങ്ങൂർ ഡിവൈൻ നഗർ റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി ക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണപ്രവർത്തനങ്ങൾ എന്നേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഡിവൈൻ നഗർ റെയിൽവേ മേൽപ്പാലത്തിനു വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായാൽ ഉടനെതന്നെ ടെണ്ടർ ചെയ്ത് പണി ആരംഭിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

(നക്ഷത്രചിഹ്നമിടാത്ത 1724, 1728, 1732, 1743, 1744, 1765, 1768, 1771, 1772, 1788, 1796 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

9.30 AM]

II ശ്രദ്ധ ക്ഷണിക്കൽ

1. പാൽ വില വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, നമ്മുടെ സംസ്ഥാനത്ത് ഇന്ന് പാലിന്റെ കാര്യത്തിൽ വലിയ സ്കേഴ്സിറ്റി അനുഭവപ്പെടുകയാണ്. എന്നുമാത്രമല്ല, ഇന്നത്തെ പത്രത്തിൽപ്പോലും കാണുന്നത് ആശുപത്രികളിൽ ഒരു പായ്ക്കറ്റ് പാല് ഒരു രോഗിക്ക് കൊടുത്തിരുന്ന സ്ഥാനത്ത് ഇന്ന് നാല് രോഗികൾക്ക് കൊടുക്കുന്ന സ്ഥിതിയിലേക്ക് എത്തിയിരിക്കുന്നു എന്നാണ്. ഇന്ന് മലബാർ, കൊച്ചി, തിരുവനന്തപുരം തുടങ്ങി മൂന്ന് യൂണിയനുകളും കൂടി സംസ്ഥാനത്ത് 11.8 ലക്ഷം ലിറ്റർ പാലാണ് വിതരണം നടത്തുന്നത്. ഇതിൽ ഏകദേശം അഞ്ചുലക്ഷത്തിനാൽപ്പതിനായിരം ലിറ്റർ പാലാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത് മിൽമ വാങ്ങുന്നത്. ഇപ്പോൾ 70000 ലിറ്റർ പാൽ മഹാരാഷ്ട്രയിൽ നിന്നും 40000 ലിറ്റർ തമിഴ്നാട്ടിൽ നിന്നും 15000 ലിറ്റർ കർണ്ണാടകയിൽ നിന്നും ഇവിടെ കൊണ്ടുവരുന്നു. ഇതുകൊണ്ടും തികയുന്നില്ല. കാരണം നമ്മുടെ പ്രൊഡക്ഷൻ പുറകോട്ട് പോവുകയാണ്. ഇതിന് പ്രധാന

LIBRARY ARCHIVES Kerala Legislative Assembly

കാരണം തമിഴ്നാട്, മഹാരാഷ്ട്ര, കർണ്ണാടക സംസ്ഥാനങ്ങൾ പാലിന് സബ്സിഡി കൊടുക്കുന്നു. ഒരു ലിറ്റർ പാലിന് രണ്ട് രൂപയാണ് തമിഴ്നാട് സബ്സിഡി കൊടുത്തത്. നേരത്തെയുള്ള സബ്സിഡി നിലനിർത്തിക്കൊണ്ട് രണ്ട് രൂപ കൂടി കൊടുത്തു. മറ്റു സംസ്ഥാനങ്ങൾ രണ്ട് രൂപ മുതൽ അഞ്ച് രൂപവരെ സബ്സിഡി നൽകുമ്പോൾ ഒരു പൈസയുടെ സബ്സിഡി പോലും കൊടുക്കാത്ത സംസ്ഥാനമാണ് കേരളം. ഡോ. ഉണ്ണിത്താനെ കമ്മീഷനാക്കി നടത്തിയ സ്റ്റഡിയിൽ പറയുന്നത്, cost of production gross - ഇവിടെ ഒരു ലിറ്റർ പാലിന് 26 രൂപ 75 പൈസയാണ് ചെലവ് വരുന്നത് എന്നാണ്. 26 രൂപ 75 പൈസയിൽ 48 പൈസ ലാഭമായി കൂട്ടിയാൽ തന്നെ 26 രൂപ 27 പൈസ നെറ്റ് പ്രൊഡക്ഷൻ കോസ്റ്റ് വരും. നമ്മുടെ സംസ്ഥാനത്തെ ഉൽപ്പാദകർക്ക് കിട്ടുന്ന വില ഗവൺമെന്റ് തീരുമാനിച്ച വിലയാണ്. മൂന്നര ശതമാനം ഫാറ്റും 8.5 ശതമാനം എം.എൻ.എഫുമുള്ള ഒരു ലിറ്റർ പാലിന് മാക്സിമം കിട്ടുന്നത് 18 രൂപയാണ്. 18 രൂപയ്ക്ക് പാൽ കൊടുത്ത് 26 രൂപ ചെലവിടുന്ന ഒരു വിഭാഗമായി നമ്മുടെ ക്ഷീരകൃഷിക്കാർ മാറിയിരിക്കുന്നു. ഇതിന്റെ ഫലമായി മുഴുവൻ കൃഷിക്കാരും ഇതിൽനിന്നും പിൻതിരിഞ്ഞ് പോകുന്ന സ്ഥിതിയാണ്. നമ്മുടെ നാട്ടിലെ നെൽകൃഷിക്ക് പറ്റിയ അതേ അപകടം ക്ഷീരകൃഷിക്കും പറ്റാൻ പോവുകയാണ്. അതുകൊണ്ട് ഈ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി വളരെ ആധികാരികമായി ഡോ. ഉണ്ണിത്താൻ നടത്തിയ സ്റ്റഡിയിൽ പറയുന്ന ഒരു കാര്യം മാത്രം ഞാൻ ചൂണ്ടിക്കാണിക്കാൻ ഉദ്ദേശിക്കുകയാണ്. കോസ്റ്റ് വർക്ക് ഔട്ട് ചെയ്യാൻ ഡോ: ഉണ്ണിത്താൻ അവലംബിച്ച രീതിയുണ്ട്, സമയക്കുറവ് ഉണ്ടെങ്കിൽ ഞാൻ അതിലേക്ക് കടക്കുന്നില്ല. പക്ഷേ, ഒരുകാര്യം ഞാൻ പറയട്ടെ, ഈ ഗവൺമെന്റ് ഒരുകാര്യം ചെയ്യണം. മിൽമ ഇന്ന് നഷ്ടം സഹിക്കുന്നു. ഒരു ലിറ്റർ പാൽ ഇന്ന് മാർക്കറ്റിൽ മിൽമ വിൽക്കുമ്പോൾ മിൽമയ്ക്ക് വരുന്ന നഷ്ടം മൂന്ന് രൂപയാണ്. ഇവിടെ സർക്കാർ വില നിജപ്പെടുത്തുന്നു. ഈ സംസ്ഥാനത്തെ ഏതെങ്കിലും പ്രൈവറ്റ് ഉൽപ്പാദകരുടെ പേരിലോ അല്ലെങ്കിൽ പാസ്ചറൈസേഷൻ പ്ലാന്റ് ഉണ്ടാക്കിയോ ഈ ബിസിനസ്സ് നടത്തുന്ന ആളുകളുടെ പേരിൽ അവർക്ക് ഇന്ന വിലയ്ക്ക് മാത്രമേ വിൽക്കാൻ പാടുള്ളൂ എന്ന് പറയാൻ സാധിക്കുമോ ? അത് പറയാൻ സാധിക്കുന്നില്ല. ഇതിന്റെ ഫലം എന്താണ് ? മിൽമ ഭീമമായ നഷ്ടത്തിലേക്ക് പോകുന്നു. നമ്മുടെ ക്ഷീര കൃഷിക്കാർ ഉൽപ്പാദനച്ചെലവ് പോലും കിട്ടാത്തതുകൊണ്ട് ക്ഷീരകൃഷിയിൽ നിന്നും പുറകോട്ടുപോകുന്നു. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ അടുത്ത കാലംവരെ ഉണ്ടായ ഒരു സവിശേഷത, നമ്മുടെ കൺസ്യൂമർ ഐറ്റത്തിൽ ഏറ്റവും കൂടുതൽ ഉൽപ്പാദിപ്പിച്ചിരുന്നത് പാലായിരുന്നു. ഏകദേശം 74 ശതമാനം. അത് പുറകോട്ട് പോകും. യാതൊരു സംശയവും വേണ്ട. ലാഭമില്ലാതെ, ഇത് മുതലാകാതെ ഇവിടത്തെ കൃഷിക്കാർ ഇത് ചെയ്യില്ല. ഡോ: ഉണ്ണിത്താൻ കമ്മീഷന്റെ സ്റ്റഡിയനുസരിച്ച് ഒരു ലിറ്റർ പാലിന് 26.27 രൂപ ലഭിക്കേണ്ടതാണ്, എന്നാൽ ഇന്ന് നൽകുന്നത് 18 രൂപയാണ്. ഇന്ത്യാ രാജ്യത്ത് പാലിന് ഏറ്റവും കൂടുതൽ വില കൂടിയ സംസ്ഥാനമായിരുന്നു കേരളമെങ്കിൽ ഇന്ന് ഏറ്റവും വില കുറഞ്ഞ സംസ്ഥാനമായി കേരളം മാറി. കാരണം ഈ സർക്കാരിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നയത്തിന്റെ ഫലമാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് 26.27 രൂപ വില കിട്ടുന്ന രൂപത്തിൽ സർക്കാർ സബ്സിഡി കൊടുക്കുകയോ, അതല്ലെങ്കിൽ അവരെ റെസ്ട്രിക്ട് ചെയ്യാതിരിക്കുകയോ, വില വർദ്ധിപ്പിക്കുകയോ ചെയ്യണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിക്കു വേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, കേരളത്തിൽ പാൽ ഉൽപ്പാദനച്ചെലവ് കുറച്ച്, ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ക്ഷീരകർഷകരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുകയെന്ന ലക്ഷ്യത്തോടെ ക്ഷീര വികസന മൃഗസംരക്ഷണ വകുപ്പിൽ താഴെപ്പറയുംപ്രകാരം വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് സംസ്ഥാനത്ത് ആദ്യമായി കാലിത്തീറ്റ സബ്സിഡി നടപ്പിലാക്കി. 2009-10-ൽ 2.75 കോടി രൂപയും 2010-11- ൽ 4.5 കോടി രൂപയും സബ്സിഡി നൽകിയിട്ടുണ്ട്, 2011-12-ലേക്ക് ആറ് കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. തീറ്റപ്പുൽ കൃഷിക്കായി 2006-07 മുതൽ 2010-11 വരെ 79746 കർഷകർക്ക് 10.71 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കി. മിൽക്ക് ഷെഡ് വികസന പദ്ധതിപ്രകാരം 11559 കർഷകർക്ക് ഡയറി യൂണിറ്റ് സ്ഥാപിക്കുന്നതിന് 2006-07 മുതൽ 2010-11 വരെ 26.84 കോടി രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. വിവിധ പദ്ധതികളിൽപ്പെടുത്തി കർഷകന് തൊഴുത്ത് നവീകരണത്തിന് ഒരു ലക്ഷം രൂപവീതം ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി. അര ലക്ഷത്തോളം കന്നുകാലികളെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വാങ്ങി വിതരണം നടത്തി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിവർഷം ഏഴ് കോടി രൂപ ചെലവിൽ കൃത്രിമബീജദാനം സൗജന്യമാക്കി. മുഴുവൻ കറവപശുക്കളേയും സൗജന്യനിരക്കിൽ ഇൻഷ്വർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു. ക്ഷീരകർഷകർക്കായി ക്ഷേമനിധി നിയമം പാസ്സാക്കി ക്ഷേമപെൻഷൻ നൽകുകയും ക്ഷീരകർഷകരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം, കുടുംബത്തിന് ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള സാമൂഹിക ക്ഷേമപദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. ക്ഷേമനിധി പെൻഷൻ 250 രൂപയിൽ നിന്ന് 300 രൂപയായും കുടുംബപെൻഷൻ 125 രൂപയിൽ നിന്നും 150 രൂപയായും വർദ്ധിപ്പിക്കുകയും ക്ഷീര സഹകരണസംഘങ്ങൾ നൽകുന്ന പാലിന്റെ ഗുണനിലവാരം പരിശോധിച്ച് കൃത്യമായ വില നൽകുന്നതിന് ഓട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തു. കാലികളുടെ തീറ്റച്ചെലവ് കുറച്ചതിന്റെ ഫലമായി 29500-ഓളം അസോള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 2006-07 മുതൽ 2010-11 വരെ ഒരു കോടിയിലധികം രൂപ കർഷകർക്ക് നൽകി. ഇപ്രകാരം കഴിഞ്ഞ അഞ്ച് വർഷക്കാലമായി 400 കോടി രൂപ ഈ മേഖലയിൽ കർഷകർക്കായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഗുണമേന്മയുള്ള കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നതിന് 52 കോടി രൂപ ചെലവിൽ പുതിയ കാലിത്തീറ്റ പ്ലാന്റ് കരുനാഗപ്പള്ളിയിൽ തുടങ്ങിയിട്ടുണ്ട്. പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. ഇതിലേക്കായി കാർഷികമേഖലയിൽ വിദഗ്ദ്ധനായ ആർ. ഹേലി ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും അത്

LIBRARY ARCHIVES Kerala Legislative Assembly

ഘട്ടംഘട്ടമായി നടപ്പിലാക്കുകയും ചെയ്തുവരുന്നു. പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കുളത്തൂപ്പുഴയിൽ അത്യാധുനികമായ ഒരു ഹൈടെക് ഡയറി പ്രവർത്തനം ആരംഭിച്ചു. മാട്ടുപ്പെട്ടിയിലും കോലാഹലമേട്ടിലും ഹൈടെക് ഡയറികൾ ഈ മാസം പ്രവർത്തനം ആരംഭിക്കുന്നു. കേരളത്തിൽ പതിനാല് ലക്ഷത്തോളം ക്ഷീരകർഷകരാണ് പശുക്കളെ വളർത്തി പാലുൽപ്പാദിപ്പിച്ച് വിതരണം നടത്തിവരുന്നത്. മൂന്ന് ലക്ഷം കർഷകരാണ് ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്നത്. മൂന്ന് ലക്ഷത്തോളം കർഷകരിൽ തന്നെ അവർ ഉൽപ്പാദിപ്പിക്കുന്ന പാലിന്റെ നാലിൽ ഒന്ന് ഭാഗമോ അതിൽ താഴെയോ ആണ് ക്ഷീര സഹകരണ സംഘങ്ങൾക്ക് നൽകുന്നത്. ഓരോ ക്ഷീരകർഷകനും പരമാവധി പാൽ പ്രാദേശികമായി വിറ്റഴിച്ച ശേഷം അധികമുള്ള പാലാണ് സംഘങ്ങൾക്ക് നൽകുന്നത്. പാലിന്റെ ദിനംപ്രതിയുള്ള ഏറ്റക്കുറച്ചിൽ നോക്കാതെ ക്ഷീര കർഷകർ കൊണ്ടുവരുന്ന പാൽ മുഴുവനും ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങൾ സ്വീകരിക്കുന്നതുകൊണ്ടാണ് ക്ഷീരകർഷകർക്ക് നഷ്ടം കൂടാതെ പശുക്കളെ വളർത്താൻ കഴിയുന്നത്. പുതിയ ക്ഷീരസംഘങ്ങൾ തുടങ്ങുന്നതിന് 25,000 രൂപയുടെ സാമ്പത്തിക സഹായം നൽകുന്നു. കൂടാതെ ക്ഷീരകർഷകർക്ക് രണ്ട് രൂപ നിരക്കിൽ റേഷൻ ഭക്ഷ്യധാന്യവും അനുവദിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിൽമാ പാലിന്റെ വിൽപ്പനവില അഞ്ചുതവണയായി ലിറ്ററിന് എട്ട് രൂപ വർദ്ധിപ്പിക്കുകയും വർദ്ധിപ്പിച്ച എട്ട് രൂപയിൽ ആറ് രൂപ നാൽപ്പത്തിയൊൻപത് പൈസ കൊഴുപ്പും കൊഴുപ്പേതര ഘടകങ്ങളും നോക്കാതെ നേരിട്ട് ക്ഷീര കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അതായത്, ശരാശരി ഗുണനിലവാരമുള്ള പാലിന് ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കർഷകർക്ക് ലഭിച്ചിരുന്നത് പതിനൊന്നുരൂപ തൊണ്ണൂറ്റിരണ്ട് പൈസയായിരുന്നത് ഇപ്പോൾ പതിനെട്ട് രൂപ അറുപത്തിയൊന്ന് പൈസയായി വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞതവണ വിലവർദ്ധിപ്പിക്കാൻ തീരുമാനിക്കുന്നതിനുമുമ്പായി ഉൽപ്പാദനച്ചെലവിന് അനുസൃതമായി പാൽവില നിശ്ചയിക്കുന്നതിന് അന്നത്തെ ക്ഷീരവികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ശ്രീ. പി.കെ. മൊഹന്തി അദ്ധ്യക്ഷനായി മിൽമയുടെ പ്രതിനിധികൾ, ഭരണ-പ്രതിപക്ഷ-കർഷക പ്രതിനിധികൾ എന്നിവർ അടങ്ങുന്ന വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. ഈ കമ്മിറ്റിയുടെ പഠന റിപ്പോർട്ട് പ്രകാരം ഒരു ലിറ്റർ പാലിന്റെ ശരാശരി ഉൽപ്പാദനച്ചെലവ് ഇരുപതുരൂപ മൂന്ന് പൈസയാണ് എന്ന് റിപ്പോർട്ട് ചെയ്തിരുന്നു. അപ്രകാരം 2010 ജൂൺ മുതൽ ലിറ്ററിന് മൂന്ന് രൂപ പാൽ വില വർദ്ധിപ്പിക്കുകയും ചെയ്തു. എന്നിരുന്നാലും എല്ലാ ഘടകങ്ങളും വിലയിരുത്തി കർഷകരുടെ പ്രശ്നങ്ങൾ സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ഞാൻ ഡയറിയുടെ കാര്യമാണ് ഉന്നയിച്ചത്. അതിൽ പ്രധാനമായ കാര്യം, ഡോ. ഉണ്ണിത്താൻ കമ്മീഷൻ റിപ്പോർട്ടാണ്. ആ റിപ്പോർട്ടിൽ പറയുന്നത് 26 രൂപ 27 പൈസ ചെലവ് വരുന്നുണ്ടെന്നാണ്. എല്ലാ സംസ്ഥാനങ്ങളും സബ്സിഡി കൊടുക്കുന്നു. അതുകൊണ്ട് ഈ സംസ്ഥാനവും സബ്സിഡി കൊടുക്കണം. അല്ലെങ്കിൽ വില കൂട്ടാൻ

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കണം. ഈ വിഷയത്തിൽ ഡയറിയുടെ കാര്യമല്ല, അനിമൽ ഹസ്ബന്ററിയുടെ മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഞാൻ ഒരു കാര്യം പറയുന്നു, ഈ പറയുന്ന സൗകര്യങ്ങളൊക്കെ ഡയറിക്കുണ്ട്. ഇത് കേന്ദ്ര ഗവൺമെന്റും സംസ്ഥാനവും ചെയ്യുന്നതാണ്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ഡോ. ഉണ്ണിത്താൻ കമ്മീഷൻ ഈ റിപ്പോർട്ട് ഇറക്കിയത്. അതിൽ പറയുന്നതനുസരിച്ച് ഒരു ലിറ്റർ പാലിന് 26 രൂപ 27 പൈസ കിട്ടും. ഇപ്പോൾ കിട്ടുന്നത് 18 രൂപയാണ്. ആ നഷ്ടം സഹിക്കാൻ തയ്യാറുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. ഇപ്പോഴത്തെ പൊസിഷനെക്കുറിച്ചാണ് അറിയേണ്ടത്; കഴിഞ്ഞ കാലത്ത് ചെയ്ത കാര്യങ്ങളല്ല ഞാൻ ചോദിക്കുന്നത് ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിച്ച ഡോ. ഉണ്ണിത്താൻ കമ്മീഷൻ റിപ്പോർട്ട്, അത് മിൽമയുടെ നോർത്ത് മേഖലയുടെ യൂണിയൻ വച്ച ഒരു കമ്മീഷനാണ്. ഗവൺമെന്റ് വച്ച കമ്മീഷനാണ് ആർ.ഹേലി കമ്മീഷൻ, ആർക്കും ചോദ്യം ചെയ്യപ്പെടാൻ കഴിയാത്ത ഹേലി കമ്മീഷൻ. 2010-ൽ ഈ ഗവൺമെന്റ് ശ്രീ. പി. കെ. മൊഹന്തി, അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ, മിൽമയുടെ പ്രതിനിധികൾ, ഭരണകക്ഷിയിലും പ്രതിപക്ഷകക്ഷിയിലുംപെട്ട കർഷക പ്രതിനിധികളും അംഗങ്ങളായ വിദഗ്ദ്ധ സമിതി റിപ്പോർട്ടാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. പാൽവില കൂട്ടാതെ ക്ഷീര കർഷകർക്ക് പരമാവധി വിലയും ആനുകൂല്യങ്ങളും നൽകുക എന്നതാണ് സർക്കാരിന്റെ തീരുമാനവും നയവും.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, അങ്ങ് കോളിംഗ് അറ്റെൻഷന്റെ പരിധിവിട്ട് വളരെയേറെ കാര്യങ്ങൾ പറഞ്ഞു. പക്ഷേ അങ്ങ് ധരിക്കേണ്ടത് ഇതെല്ലാം ചെയ്തതിനുശേഷവും കഴിഞ്ഞ 5 വർഷത്തിൽ പാലിന്റെ ഉല്പാദനം കുറഞ്ഞിരിക്കുകയാണ് എന്നാണ്. ഇത് വളരെ ഗൗരവത്തോടെ കാണേണ്ട വിഷയമാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞ പ്രധാനപ്പെട്ട പോയിന്റ് ഇതാണ്. പശുവിനെ വളർത്തി കർഷകർക്ക് ലാഭകരമായി മുമ്പോട്ടുപോകാൻ പറ്റാത്ത സാഹചര്യം വന്നതിനെത്തുടർന്ന് പാലിന്റെ ഉല്പാദനം കുറഞ്ഞിരിക്കുന്നു. അതേസമയം അയൽ സംസ്ഥാനങ്ങളിൽ പാലിന്റെ ഉല്പാദനം കൂടുന്നു. ഈ സ്ഥിതി മാറണമെങ്കിൽ കർഷകർക്ക് ആദായകരമായ നിലയിൽ വില ലഭിക്കുകയോ അല്ലെങ്കിൽ സർക്കാർ സബ്സിഡി നൽകുകയോ ചെയ്യണം.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, പാലിന്റെ ഉല്പാദനം കുറഞ്ഞുവെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു. 2006-07-ൽ ഈ ഗവൺമെന്റ് വരുന്ന കാലഘട്ടത്തിൽ പാലിന്റെ ഉല്പാദനം 21.02 ലക്ഷം ടൺ, 2007-08-ൽ 22.48 ലക്ഷം ടൺ, 2008-09-ൽ 24.53 ലക്ഷം ടൺ, 2009-10-ൽ 25.85 ലക്ഷം ടൺ. 2010-11-ൽ പ്രതീക്ഷിക്കുന്നത് 29 ലക്ഷം ടൺ എന്നിങ്ങനെയാണ്. ഈ കണക്കുകളിൽ നിന്നും പാലിന്റെ ഉല്പാദനം വർദ്ധിച്ചിരിക്കുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്. പക്ഷേ കർഷകരെ സഹായിക്കണമെന്ന് പ്രതിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

നേതാവ് പറഞ്ഞത് ഗവൺമെന്റിന്റെ നയമാണ്. അതാണ് .ഞാൻ നേരത്തെ ഇവിടെ വിശദീകരിച്ചത്. ക്ഷീര കർഷകരെ സംരക്ഷിക്കണം, സഹായിക്കണം, ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്യണമെന്നാണ് സർക്കാരിന്റെ നയം.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അങ്ങ് പാലിന്റെ ഉല്പാദനത്തെക്കുറിച്ചാണോ പറഞ്ഞത് അതോ ഇവിടെ മിൽമ വിൽക്കുന്ന പാലിന്റെ കണക്കാണോ പറഞ്ഞത് ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ നമ്മുടെ സംസ്ഥാനത്ത് 5 വർഷം കൊണ്ട് ഉണ്ടായ വർദ്ധനവിന്റെ കൃത്യമായ കണക്കാണ് ഇത്. അതിൽ പാൽ മാത്രമേ ഞാൻ പറഞ്ഞുള്ളൂ. പാലിന്റെ മാത്രമല്ലേ ഇവിടെ ചോദ്യമുള്ളൂ.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഇവിടെ മന്ത്രിക്ക് നിവേദനം കൊടുക്കാനായി വന്ന കർഷകരും സംഘക്കാരും എന്നേയും വന്നുകണ്ടു. പാലിന്റെ ഉല്പാദനം കുറഞ്ഞിരിക്കുന്നുവെന്നാണ് അവർ പറഞ്ഞത്. അയൽ സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്ന പാലും പാൽപ്പൊടിയുമാണ് ഇവിടെയുള്ളവർ ഉപയോഗിക്കുന്നത്. അതൊന്ന് പരിശോധിച്ചാൽ കൊള്ളാം.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, പാലിന്റെ ഉല്പാദനം വർദ്ധിച്ചുവെന്നുള്ള കണക്ക്, സൊസൈറ്റിയിൽ അടക്കമുള്ള കണക്കുകളാണ് ഞാൻ ഇവിടെ പറഞ്ഞത്.

2. വനംവകുപ്പിലെ ദിവസവേതനക്കാരായ തൊഴിലാളികൾ അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾ

ശ്രീ. ബാബു പോൾ : സർ, സംസ്ഥാനത്ത് വന സംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന ദിവസവേതനക്കാരായ തൊഴിലാളികൾ വർഷങ്ങളായി അനുഭവിച്ചുകൊണ്ടിരിക്കുന്ന തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കേണ്ട ആവശ്യകതയിലേക്കാണ് ഞാൻ സഭയുടേയും ഗവൺമെന്റിന്റേയും ശ്രദ്ധ ക്ഷണിക്കുന്നത്. വനം വകുപ്പിനുകീഴിൽ 5 മുതൽ 35 വരെ വർഷങ്ങളായി ദിവസ വേതനത്തിന് തൊഴിലെടുക്കുന്ന 1500-ൽപ്പരം തൊഴിലാളികളാണ് നിലവിലുള്ളത്. ഇവർ വാച്ചർ, ഗാർഡനർ, മസ്ദൂർ, പ്യൂൺ, ഡ്രൈവർ തുടങ്ങിയ വിവിധ തസ്തികകളിൽപ്പെടുന്നവരാണ്. കേരളത്തിലെ കാടുകളുടേയും വനസമ്പത്തിന്റേയും വന്യജീവികളുടേയും യഥാർത്ഥ സംരക്ഷകർ ഇവരാണ്. വനത്തെക്കുറിച്ചും അതിന്റെ അതിർത്തികളെക്കുറിച്ചും വനത്തിൽ ഓരോ പ്രദേശത്തും എന്തെല്ലാം ഉണ്ട് എന്നത് സംബന്ധിച്ചും വന ഉദ്യോഗസ്ഥന്മാരേക്കാൾ ഏറെ മനസ്സിലാക്കിയിട്ടുള്ളവരും അറിവുള്ളവരും ഇവരാണ്. ഇവർ ഇല്ലെങ്കിൽ വനമുണ്ടാകില്ല, വനം സംരക്ഷിക്കപ്പെടില്ല. വന സംരക്ഷണത്തിൽ അത്ര വലിയ പ്രാധാന്യമുള്ള ഈ വിഭാഗം തൊഴിലാളികളെ സംരക്ഷിക്കേണ്ടത് ഗവൺമെന്റിന്റെ വലിയ കടമയാണ്. പ്രത്യേകിച്ചും വന സംരക്ഷണം മുഖ്യ ലക്ഷ്യമായി കാണുകയും അതിനാവശ്യമായ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന ഈ ഗവൺമെന്റിനും വനമന്ത്രിക്കും അതിന് ബാദ്ധ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly